(ഡി) നാടാർ സമുദായത്തിലെ അവാന്തര വിഭാഗങ്ങളിൽ ഏതൊക്കെ വിഭാഗങ്ങൾക്ക് സംവരണം ഉണ്ട്; വ്യക്തമാക്കുമോ;

(ഇ) കേന്ദ്ര ഗവൺമെന്റിൽ ഈ സമുദായത്തിൽ എല്ലാ വിഭാഗങ്ങൾക്കും സംവരണം നൽകുമ്പോൾ കേരള സർക്കാർ ചില വിഭാഗങ്ങൾക്ക് സംവരണം നൽകുന്നില്ല എന്നുള്ളത് എന്ത് മാനദണ്ഡം വച്ചാണ്; വിശദമാക്കുമോ?

ഉത്തരം

(എ) കേരളത്തിൽ വസിച്ചു വരുന്ന നാടാർ സമുദായത്തിന് ഹിന്ദു-നാടാർ എന്നും ക്രിസ്ത്യൻ നാടാർ എന്നും രണ്ട് പ്രധാന അവാന്തര വിഭാഗങ്ങൾ ഉണ്ട്. ഹിന്ദു നാടാരുടെ പാരമ്പര്യ ക്ഷൗര പ്രവർത്തി എടുത്തുവരുന്ന ചക്രവർ, ശക്രുവർ (കാവതി), കേരള മുതലി എന്നീ പേരുകളിൽ അറിയപ്പെടുന്ന സേവന ജാതികളും ഉണ്ട്.

(ബി) നാടാർ സമുദായം ഒന്നാകെ മറ്റ് പിന്നോക്ക വിഭാഗമല്ല. ഹിന്ദു നാടാർ വിഭാഗവും എസ്.ഐ. യു.സി.-യിൽപ്പെടുന്ന നാടാർ വിഭാഗവും 'നാടാർ' എന്ന സംജ്ഞയിൽ മറ്റ് പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെടുന്നു.

(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) നാടാർ എന്ന സംജ്ഞയിൽ ഹിന്ദു നാടാർ വിഭാഗവും എസ്. ഐ. യു. സി. -യിൽപ്പെടുന്ന നാടാർ വിഭാഗവും നാടാർ സമുദായത്തിലെ അവാന്തര വിഭാഗമായ ചക്രവർ അഥവാ ശക്രുവർ (കാവതി), കേരള മുതലി എന്നീ വിഭാഗങ്ങളും മറ്റ് പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെടുന്നതാകയാൽ സംവരണം ഉണ്ട്.

(ഇ) ദേശീയ പിന്നോക്ക വിഭാഗ കമ്മീഷൻ ശുപാർശയുടെ അടിസ്ഥാനത്തിലാണ് കേന്ദ്ര സർക്കാരിന്റെ പിന്നോക്ക വിഭാഗപ്പട്ടികയിൽ സമുദായങ്ങളെ ഉൾപ്പെടുത്തുന്നത്.

കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ ആക്ട് 1993-ലെ വ്യവസ്ഥ പ്രകാരം സംസ്ഥാനത്തെ ഒ.ബി.സി. പട്ടികയിൽ ഏതെങ്കിലുമൊരു സമുദായത്തെ ഉൾപ്പെടുത്തണമെന്ന ആവശ്യം സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ പരിശോധിച്ച ശേഷം കമ്മീഷന്റെ ഉപദേശം സർക്കാരിന് നൽകുകയും പ്രസ്തുത ഉപദേശമനുസരിച്ച് ഒ. ബി. സി. പട്ടികയിൽ ആവശ്യമെങ്കിൽ സർക്കാർ ഭേദഗതി വരുത്തുകയുമാണ് ചെയ്യുന്നത്.

സ്റ്റൈപ്പെന്റ് ഇനത്തിൽ ലഭിക്കാനുള്ള തുക

153 [3854] *ശ്രീ. ആർ. ബാലകൃഷ്ണപിള്ള* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2002-2003 കാലയളവിൽ പട്ടികജാതി യുവതീ-യുവാക്കൾക്ക് ഡ്രൈവിംഗ് പരിശീലനം നൽകിയതിന്റെ ഭാഗമായി കൊല്ലം ജില്ലയിലെ ഡ്രൈവിംഗ് സ്കൂളുകൾക്ക് ഫീസിനത്തിലും സ്റ്റൈപ്പെന്റിനത്തിലുമുള്ള തുക മുഴുവൻ നൽകിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ലെങ്കിൽ ഈ തുക അടിയന്തിരമായി നൽകാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) മേൽപ്പറഞ്ഞ കാലയളവിലെ ഡ്രൈവിംഗ് പരിശീലനത്തിൽ വ്യാപകമായ ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഇത് ധനകാര്യ വകുപ്പിന്റെ പരിശോധനാ വിഭാഗം അന്വേഷിക്കുകയും അവർ സമർപ്പിച്ച അന്വേഷണ റിപ്പോർട്ട് സർക്കാർ പരിശോധിച്ച് വരികയുമാണ്. അതിനുശേഷം ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്.

കലാകാരൻമാർക്ക് സർക്കാർ ജോലി

154 [T3855] *ശ്രീ. സി. കെ. നാണു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്കപട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയതലത്തിൽ സംസ്ഥാനത്തെ പ്രതിനിധീകരിച്ച് വിവിധ കലാമൽസരങ്ങളിൽ പങ്കെടുത്ത് വിജയിക്കുന്ന കലാകാരൻമാർക്ക്, സ്പോർട്സ് താരങ്ങൾക്ക് നൽകുന്നതുപോലെ സർക്കാർ /അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ ജോലി നൽകുന്ന രീതി നിലവിലുണ്ടോ;

(ബി) ഇന്റർ യൂണിവേഴ്സിറ്റി മത്സരങ്ങളിൽ ദേശീയ തലത്തിൽ കേരളത്തെ പ്രതിനിധീകരിച്ച് വയലിൻ, ക്ളാസ്സിക്കൽ മ്യൂസിക് എന്നീ ഇനങ്ങളിൽ ഒന്നാം സ്ഥാനം നേടിയ മലയാളി താരങ്ങൾക്ക് അർഹിക്കുന്ന പ്രോൽസാഹനവും പ്രചോദനവും നൽകുന്നതിന്റെ ഭാഗമായി അവർക്ക് സർക്കാർ ജോലി നൽകുന്ന കാര്യം പരിഗണിക്കുമോ;

(സി) ഇതു സംബന്ധമായി ഏതെങ്കിലും അപേക്ഷകൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരിൽ നിന്നെല്ലാം;

(ഡി) ലഭിച്ച അപേക്ഷയിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത കലാകാരൻമാരുടെ ന്യായമായ ആവശ്യം അംഗീകരിക്കുവാൻ സർക്കാർ തയ്യാറാകുമോ?

ഉത്തരം

(എ) ഇല്ല.

(ബി)—(ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly